"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് - 2023-24 - "നെയ്ത്തുകാർക്കും നൂൽപ്പുകാർക്കുമുള്ള ധനസഹായം" എന്ന പദ്ധതിക്കായി ₹50 ലക്ഷം (അമ്പത് ലക്ഷം രൂപ മാത്രം) റിലീസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (കെ) വകുപ്പ്

സ.ഉ.(സാധാ) നം.40/2024/ID തീയതി,തിരുവനന്തപുരം, 16-01-2024

---

പരാമർശം:-
1. സ.ഉ.(സാധാ)നം.401/2023/വ്യവ. തീയതി 16/05/202.
2. സ.ഉ.(സാധാ)നം.679/2023/വ്യവ. തീയതി 03/07/2023.
3. സ.ഉ.(സാധാ)നം.875/2023/വ്യവ. തീയതി 24/08/2023.
4. കേരള ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് സെക്രട്ടറിയുടെ 07.12.2023 -ലെ കെ.ബി.6724/2016/എ8 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ 2851-00-105-73 എന്ന ശീർഷകത്തിൽ 550 ലക്ഷം രൂപക്ക് "നെയ്ത്തുകാർക്കും നൂൽപ്പുകാർക്കുമുള്ള ധനസഹായം" എന്ന പദ്ധതിക്ക് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകുകയും പരാമർശം (2), (3) എന്നിവ പ്രകാരം 209 ലക്ഷം രൂപ (ഇരുന്നൂറ്റി ഒമ്പത് ലക്ഷം രൂപ മാത്രം) രണ്ടു ഗഡുക്കളായി അനുവദിക്കുകയും ചെയ്തിരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ബാക്കി തുക അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്ന് "നെയ്ത്തുകാർക്കും നൂൽപ്പുകാർക്കുമുള്ള ധനസഹായം" എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള മൂന്നാമത്തെ ഗഡുവായി കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് ₹50 ലക്ഷം (അമ്പത് ലക്ഷം രൂപ മാത്രം) 2851-00-105-73(P) എന്ന ശീർഷകത്തിൽ ,ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി റിലീസ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു:

i. 16.04.2018-ലെ സ.ഉ.(അച്ചടി)നം.62/2018/ധന. അനുസരിച്ച് ഫണ്ടുകൾ PSTSB അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

ii. സർക്കുലർ നം.84/2008/ധന. തീയതി 09.12.2008, സർക്കുലർ നം.75/09/ധന തീയതി 29.08.2009, സർക്കുലർ നം.8/2018/ധന. തീയതി 30.01.2018, സർക്കുലർ നം.53/2018/ധന. തീയതി 16.06.2018 എന്നിവയിൽ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

iii. അനുവദിക്കപ്പെട്ട പദ്ധതിക്കായി മാത്രം ഫണ്ടുകൾ വിനിയോഗിക്കേണ്ടതും മറ്റ് ആവശ്യങ്ങൾക്കായി വക മാറ്റുവാൻ പാടില്ലാത്തതുമാണ്.

iv. 11.06.2018 -ലെ സ.ഉ.(അച്ചടി) നം.88/2018/ധന. 03.07.2018 -ലെ സ.ഉ.(അച്ചടി) നം.100/2018/ധന. എന്നിവ പ്രകാരം നൽകിയ പ്ലാൻ ഫണ്ടുകളുടെ വിനിയോഗവും നിരീക്ഷണവും സംബന്ധിച്ച പ്രവർത്തന മാർഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

v. ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച സാമ്പത്തിക തത്വങ്ങളും നിയമങ്ങളും കൃത്യമായി പാലിക്കേണ്ടതാണ്.

vi. പുതിയ ഫണ്ട് റിലീസ് പ്രൊപ്പോസലുകൾക്കൊപ്പം മുൻപ് അനുവദിച്ച തുകകളുടെ ഉപയോഗ സർട്ടിഫിക്കറ്റ് / കംപോണന്റ് തിരിച്ചുള്ള ചെലവ് വിശദാംശങ്ങളും റിലീസ് ചെയ്യാനുള്ള തുകയും 09.01.2020 -ലെ സ.ഉ.(കൈ) നം.04/2020/ധന. ഉത്തരവിന്റെ അനുബന്ധത്തിൽ നിർദ്ദേശിച്ചിട്ടുള്ള നിശ്ചിത മാതൃകയിൽ ലഭ്യമാക്കേണ്ടതാണ്.

vii. ലോൺ മോണിറ്ററിംഗും ഫണ്ട് മാനേജ്മെന്റും സംബന്ധിച്ച് സ.ഉ. (അച്ചടി) നം.157/2021/ധന. തീയതി 26.11.2021, സ.ഉ.(അച്ചടി) നം.171/2021/ധന. തീയതി 18.12.2021 -ലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

3. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറി സമർപ്പിക്കുന്ന ബില്ലിൽ വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ / അഡീഷണൽ ഡയറക്ടർ കൗണ്ടർസൈൻ ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സിജു ജേക്കബ്
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, തിരുവനന്തപുരം.
ഡയറക്ടർ /അഡീഷണൽ ഡയറക്ടർ ഓഫ് ഇൻഡസ്ട്രീസ് & കൊമേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, വികാസ് ഭവൻ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ-ബിപ്പ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (U.O.No.PU-D1/73/2023/Fin. തീയതി 05.01.2024 പ്രകാരം).
അണ്ടർ സെക്രട്ടറി & നോഡൽ ഓഫീസർ, ബജറ്റ് മോണിറ്ററിംഗ് സിസ്റ്റം
ധനകാര്യ വകുപ്പ് (05.01.2024 -ലെ പി.യു.ഡ1/73/2023-ധന. നമ്പർ കുറിപ്പ് പ്രകാരം അറിവിലേക്കായി)
ധനകാര്യ (ജിഎംസി) വകുപ്പ്
ഐ & പി.ആർഡി (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്).
സ്റ്റോക്ക് ഫയൽ (IND-K1/132/2023-IND)

ഉത്തരവിൻ പ്രകാരം
Signed by
S Padmaja
Date: 16-01-2024 15:06:58
സെക്ഷൻ ഓഫീസർ